## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.498 — 29.11.2018-ലെ മറുപടിക്ക്

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### <u>സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം</u>

| | | |
|---|---|---|
| (എ) | സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം ചെയ്യുന്നതിനായി പ്രത്യേക കമ്പനി രൂപീകരിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ; | സാമൂഹ്യ സുരക്ഷ പെൻഷനുകൾ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനായി ധനകാര്യ വകുപ്പിന്റെ നിയന്ത്രണത്തിൽ 26.06.2018-ലെ സ.ഉ (കൈ) നം.232/2018/ധന ഉത്തരവ് പ്രകാരം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ചിട്ടുണ്ട്. പെൻഷൻ തുക വിതരണം ചെയ്യുന്നതിൽ പ്രസ്തുത കമ്പനി ഒരു SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്നു. |
| (ബി) | ഈ കമ്പനി എങ്ങനെയാണ് ആവശ്യമായ തുക കണ്ടെത്തുന്നത്; | നിക്ഷേപം, വായ്പ അടക്കമുള്ള ഉചിതമായ സാമ്പത്തിക ഉപാധികളിലൂടെ വ്യക്തികൾ, മറ്റു സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും കമ്പനി ഫണ്ട് സമാഹരിക്കുന്നതാണ്. |
| (സി) | ഏതൊക്കെ പെൻഷനാണ് കമ്പനി വഴി നൽകുന്നത്; വിശദമാക്കുമോ? | കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന കലണ്ടറിന് അനുസൃതമായി നിലവിൽ സംസ്ഥാന സർക്കാർ നൽകിവരുന്ന മുഴുവൻ സാമൂഹ്യ സുരക്ഷ, ക്ഷേമ പെൻഷനുകൾ കമ്പനി വഴി വിതരണം ചെയ്യുന്നതാണ്. |

അക്കൗണ്ട്സ് ഓഫീസർ